**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 133** **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എൽ.ഡി.ബി.യുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2015-16 വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്ത് പാലുല്പാദനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് എത്രയാണെന്ന് അറിയിക്കാമോ; | (എ) | കേരളത്തിലെ ആകെ പാലുല്പാദനം 2015-16 ൽ 26.50 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 2020-21 ൽ കേരളത്തിലെ ആകെ പാലുല്പാദനം 25.34ലക്ഷം മെട്രിക് ടൺ ആണ്. 2015-16 വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്ത് പാലുല്പാദനത്തിൽ 2021-22-ൽ 4.5% ന്റെ നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്ഷീരസംഘങ്ങൾ വഴിയുള്ള പാൽ സംഭരണം 2015-16 ൽ 5.57 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2021-22 ൽ 7.73 ലക്ഷം മെട്രിക് ടൺ ആയി ഉയർന്നു, അതായത് 21.19 % ന്റെ വർദ്ധനവ് ഉണ്ടായി. 2018, 2019 വർഷങ്ങളിലെ പ്രളയം ക്ഷീരോത്പാദനത്തെ വളരെ സാരമായി ബാധിച്ചെങ്കിലും ക്ഷീരോത്പാദനം കാര്യമായി കുറയാതെ പിടിച്ചു നിർത്താൻ സാധിച്ചു. |
| (ബി) | ക്ഷീരോല്പാദന ക്ഷമതയിൽ രാജ്യത്ത് ഒന്നാമതാകുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഇതിന്റെ ഭാഗമായി ഗുണലഭ്യതയുള്ള കന്നുകാലി വികസനത്തിൽ കെ.എൽ.ഡി.ബി. നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | **ക്ഷീരോല്പാദന ക്ഷമതയിൽ രാജ്യത്ത് ഒന്നാമതാകുക എന്ന ലക്ഷ്യത്തോടെ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നു:-**<br><br>**1) കന്നുകാലി ഇൻഷുറൻസ്**<br><br>**കന്നുകാലികൾക്ക് ആവശ്യമായ ഇൻഷുറൻസ് പരിരക്ഷ കുറഞ്ഞ പ്രീമിയം നിരക്കിൽ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇൻഷുറൻസ് പ്രീമിയം തുകയിൽ ജനറൽ വിഭാഗത്തിന് 50 % വും എസ്.സി/എസ്.ടി വിഭാഗത്തിന് 70 % വും സർക്കാർ സബ്സിഡി നൽകിയാണ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്.**<br><br>**2) കന്നുകുട്ടി പരിപാലന പദ്ധതി** |

കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ 4 മുതൽ 6 മാസം വരെ പ്രായമായ പശുക്കുട്ടികളെയും എരുമക്കുട്ടികളെയും തിരഞ്ഞെടുത്ത് ഇവയ്ക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റയും ധാതുലവണ മിശ്രിതവും നൽകുകയും ആരോഗ്യ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു.

3) കൃത്രിമ ബീജസങ്കലനം

കർഷകർക്ക് ആവശ്യാനുസരണം അവരവരുടെ ഉരുക്കളിൽ കൃത്രിമ ബീജസങ്കലനം നടത്തുന്നതിന് കെ.എൽ.ഡി ബോർഡിന്റെ സഹകരണത്തോടെ ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജമാത്രകൾ സൗജന്യമായി സംസ്ഥാനത്തെ മൃഗാശുപത്രികൾ വഴി വിതരണം ചെയ്തുവരുന്നു. കൂടാതെ കെ.എൽ.ഡി ബോർഡ് ലഭ്യമാക്കുന്ന സെക്സ് സോർട്ടഡ് സെമൻ കൂടുതലായി കിടാരികളിലും ഒന്നാം പ്രസവം കഴിഞ്ഞ പശുക്കളിലും കുത്തിവച്ച് കൂടുതൽ പശുക്കിടാങ്ങളെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ കേന്ദ്രകൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളിൽ നിന്നും കെ.എൽ.ഡി.ബി. വാങ്ങി അവയുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്ത് വരുന്നു. വളരെ ഉയർന്ന ജനിതക ശേഷിയുള്ള 5 ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമനിയിൽ നിന്നും നാല് ജഴ്സി വിത്തുകാളകളെ ഡെൻമാർക്കിൽ നിന്നും കെ.എൽ.ഡി.ബി. യുടെ മാട്ടുപ്പെട്ടി ഫാമിലേയ്ക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്യുന്നു. ഉയർന്ന ഉൽപാദനക്ഷമതയുള്ള ജഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ച് വിത്തുകാളകളെ മാട്ടുപ്പെട്ടി ഫാമിൽ ഉൽപാദിപ്പിച്ചുകൊണ്ട് ഇവയുടെ ബീജമാത്രകൾ സംസ്ഥാനത്തെ പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ച് വരുന്നു. വിത്തുകാളകളുടെ ജനിതക മേന്മ തെളിയിക്കുന്നതിനുള്ള 'സന്തതി പരിശോധനാ പദ്ധതി' സംസ്ഥാനത്തെ വടക്കൻ ജില്ലകളായ കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ഇവിടെ നിന്നും ഉന്നത ജനിതക മേന്മയുള്ള വിത്തുകാളകളെ ഉൽപാദിപ്പിച്ച് സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. ഭ്രൂണമാറ്റം, ഇൻവിട്രോ

| | | | |
|---|---|---|---|
| | | | ഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ പ്രയോഗിച്ച് ഉൽപ്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉൽപാദിപ്പിക്കുവാനും, കർഷകരുടെ ഇടങ്ങളിലുള്ള ഉൽപ്പാദന ശേഷി കൂടിയ പശുക്കളിൽ നിന്നും ഭ്രൂണം ശേഖരിക്കുവാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. സന്തതി പരിശോധന (പ്രോജനി ടെസ്റ്റിംഗ്) പദ്ധതിയിലൂടെ ജനിക്കുന്ന മേൽത്തരം വിത്തുകാളക്കുട്ടികളുടെ പ്രജനന മൂല്യം (breeding value) ജനിതക ശാസ്ത്ര രീതികളിലൂടെ കണ്ടെത്തി, അവയിൽ ഏറ്റവും മെച്ചമായവയെ പ്രജനന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നു. ലിംഗനിർണയം നടത്തിയ ബീജം ഉപയോഗിച്ച ഗർഭധാരണം ഉറപ്പാക്കി ത്വരിതഗതിയിൽ സംസ്ഥാന കന്നുകാലി ജനുസ്സുകളെ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | ക്ഷീരോല്പാദനത്തിന്റെ ഭാഗമായി മൃഗചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | മൃഗചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്തു ന്നതിന്റെ ഭാഗമായി മൃഗാശുപത്രികളുടെ വികസനവും പുനസംഘടനയും - മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ, രാത്രികാല അടിയന്തിര മൃഗചികിത്സ സേവന പദ്ധതി, പ്രതിരോധ കുത്തിവെയ്പ് തീവ്ര യജ്ഞങ്ങൾ, മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകൾ, മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ, കേന്ദ്രീകൃത കോൾ സെന്റർ സംവിധാനം തുടങ്ങിയവ മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കുന്നു.<br><br>215 വെറ്ററിനറി ആശുപത്രികളും, 885 വെറ്ററിനറി ഡിസ്പെൻസറികളും താലൂക്ക് തലത്തിൽ 50 വെറ്ററിനറി പോളിക്ലിനിക്കുകളും, ജില്ലാതലത്തിൽ 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ കൂടാതെ സഞ്ചരിക്കുന്ന മൃഗാശുപത്രികൾ/ ജില്ലാതല ക്ലിനിക്കൽ ലാബുകൾ, സംസ്ഥാനതല മുഖ്യരോഗനിർണ്ണയ കേന്ദ്രമായ SIAD പാലോട് ഉൾപ്പെടെ, 4 പ്രാദേശിക രോഗനിർണ്ണയ ലബോറട്ടറികൾ, സംസ്ഥാനതല വന്ധ്യതാ നിവാരണ ഓഫീസ്, കന്നുകാലി ഉൽപ്പന്ന പരിശോധനാ ലബോറട്ടറി, അതിർത്തി ചെക്ക് പോസ്റ്റുകൾ എന്നിവയും ഉൾപ്പെടുന്നുണ്ട് . തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ ആധുനിക സജ്ജീകരണങ്ങളുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലും പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>മൃഗചികിത്സയ്ക്കത്യാവശ്യമായ മരുന്നുകൾ മൃഗാശുപത്രികൾ വഴി സൗജന്യമായി കർഷകർക്ക് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കി വരുന്നു. പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽ വഴി സംസ്ഥാനത്തിനാവശ്യമായ വാക്സിനുകൾ ഉത്പ്പാദിപ്പിച്ച്, മൃഗാശുപത്രികൾ വഴി കർഷകർക്ക് ലഭ്യമാക്കി വരുന്നു. കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും നടപ്പിലാക്കി വരുന്നു.<br><br>വർഷം തോറും രണ്ട് തവണ വീതം സംഘടിപ്പിക്കുന്ന ഭവന സന്ദർശനം വഴി സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും കുളമ്പുരോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ് നൽകുന്ന പദ്ധതിയാണ് ഗോരക്ഷാ.<br><br>കർഷകരുടെ വീട്ടുപടിക്കൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ നൽകുന്നതിനായി ടെലി മെഡിക്കൽ സൗകര്യങ്ങളോടു കൂടി നിലവിൽ കൊല്ലം ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതിയുടെ മാതൃകയിൽ മേഖലാടിസ്ഥാനത്തിൽ എറണാകുളം, കണ്ണൂർ മേഖലകൾ കേന്ദ്രീകരിച്ച് 2 ടെലി വെറ്ററിനറി യൂണിറ്റുകൾ കൂടി സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റുകളിൽ X-Ray, അൾട്രാസൗണ്ട് സ്കാനിംഗ് കൂടാതെ കിടപ്പിലായ പശുക്കളെ ഉയർത്തുന്നതിന് വേണ്ടിയുള്ള അനിമൽ ലിഫ്റ്റിംഗ് ഡിവൈസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. പത്തനംതിട്ട, വയനാട് പാലക്കാട് ജില്ലകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാറിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് 29 ബ്ലോക്കുകളിൽ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ കൂടി സ്ഥാപിച്ചിട്ടുണ്ട്. കർഷകർക്ക് ബന്ധപ്പെടാനായി ഒരു ഏകീകൃത "കാൾസെന്റർ" സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. "1962" എന്ന ടോൾഫ്രീ നമ്പർ മുഖേന കർഷകർക്ക് പ്രസ്തുത കാൾ സെന്ററുമായി ബന്ധപ്പെടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ